"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ചെങ്ങനിയൂർ എ യു പി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. ധന്യ. എ ഫയൽ ചെയ്ത ഡബ്ല്യൂ. പി(സി ) നം. 26270/2021- മേൽ ബഹുമാനപ്പെട്ട കേരള ഹൈകോടതി പുറപ്പെടുവിച്ച 23.11.2021 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

G.O.(Rt) No.2284/2022/GEDN തീയതി,തിരുവനന്തപുരം, 06-04-2022

---

പരാമർശം:-

1. പാലക്കാട് ചെങ്ങനിയൂർ എ യു പി സ്കൂൾ മാനേജരുടെ 14/07/2021ലെ പുന: പരിശോധനാ ഹർജി(Ext P18).
2. ബഹു. കേരള ഹൈക്കോടതിയുടെ 23.11.2021-ലെ ഡബ്ല്യൂ . പി ( സി ) നം . 26270/2021 മേലുള്ള വിധിന്യായം.
3. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 07/03/2022 ലെ നമ്പർ രേഖപ്പെടുത്താത്ത കത്ത്.
4. കുഴൽമന്ദം ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 05/03/2022 ലെ ഡി/74/2020 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ചെങ്ങനിയൂർ എ യു പി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. ധന്യ. എ ഫയൽ ചെയ്ത ഡബ്ല്യൂ. പി(സി ) നം. 26270/2021 മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ടി സ്കൂൾ മാനേജരുടെ എക്സിബിറ്റ് P18 പരിശോധനാ ഹർജി(പരാമർശം 1) ഹർജിക്കാരിയെയും സ്കൂൾ മാനേജരെയും കേട്ട് തീർപ്പാക്കണമെന്ന് 1 -ാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകുകയുണ്ടായി. ആയതിൻ പ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം 8.3.2022-ന് ഗൂഗിൾ മീറ്റ് സംവിധാനത്തിലൂടെ കേട്ടു. ഹർജിക്കാരി, ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരുടെ

പ്രതിനിധികൾ സന്നിഹിതരായിരുന്നു.

2. ഹർജിക്കാരിയുടെ വാദം ചുവടെചേർക്കുന്നു.

"ഈ സ്കൂളിലെ യു.പി.എസ്.ടി ആയ ശ്രീമതി. ജയശ്രീ 01/06/2018 ൽ സ്വമേധയാ വിരമിച്ചു. ഈ സ്ഥിരം ഒഴിവിലാണ് മാനേജർ എന്നെ നിയമിച്ചത്. എനിക്കുശേഷം 01/11/2018 ന് നിയമിക്കപ്പെട്ട ധന്യ.ഡിയുടെ നിയമനാംഗീകാരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നൽകിക്കഴിഞ്ഞു. സീനിയറായ എന്റെ നിയമനം ഇപ്പോഴും തടസ്സങ്ങൾ ഉന്നയിച്ച് നിരാകരിക്കുന്നു. എ.ഇ.ഒ വിന്റെ ഉത്തരവിനെതിരെ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് 14/07/2021 ന് റിവിഷൻ ഹർജി നൽകുകയുണ്ടായി. ഈ റിവിഷൻ ഹർജിയുടെ നിശ്ചലാവസ്ഥ കണ്ട് ഞാൻ കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം 14 (സി) യിലെ റൂൾ 65 പ്രകാരം സർക്കാരിന്റെ ഇടപെടലിനായി ഹർജി സമർപ്പിച്ചിട്ടുണ്ട്.

2018-19 വർഷം, 18 ഡിവിഷനുകളും തത്തുല്യ തസ്തികകളും അനുവദിച്ചു. അതിൽ നിലനിർത്തിയിട്ടുള്ള അദ്ധ്യാപകരുടെ പേരുകൾ താഴെ പറയുന്നു.

Staff position as on 01/06/2018 & 01/11/2018 AUPS Chenganiyur sanctioned post during 2018-19- HM -1, UPST – 17, HTV -1

| | As on 01/06/2018 | | As on 01/11/2018 | |
|---|---|---|---|---|
| No | Name of teacher | Designation | Name of teacher | Designation |
| 1 | Ambika C | Headmistress | Ambika C | Headmistress |
| 2 | M Geetha<br>VRS wef 1/11/2018 | UPST | Hemalatha.P | UPST |
| 3 | Hemalatha.P | UPST | E.Haridasan | UPST |
| 4 | E.Haridasan | UPST | A.Sreelatha | UPST |
| 5 | A.Sreelatha | UPST | Sowbhagyalaks | UPST |

| | | | | |
|---|---|---|---|---|
| | | | hmi.V | |
| 6 | Sowbhagyalakshmi.V | UPST | G.R.Abhilash | UPST |
| 7 | G.R.Abhilash | UPST | Vijin.E.V | UPST |
| 8 | Vijin.E.V | UPST | Viji.P.George | UPST |
| 9 | Viji.P.George | UPST | Rasmy A.S | UPST |
| 10 | Rasmy A.S | UPST | Aswathy Ann Thomas | UPST |
| 11 | Aswathy Ann Thomas | UPST | N.Deepa | UPST |
| 12 | N.Deepa | UPST | H.Prathiba | UPST |
| 13 | H. Prathiba | UPST | S.Sikhila | UPST |
| 14 | S.Sikhila | UPST | D.Chithra | UPST |
| 15 | D.Chithra | UPST | Krishna Nair | UPST |
| 16 | Krishna Nair | UPST | A.Dhanya | UPST VRS vacancy of Smt. Jayasree |
| 17 | A. Dhanya 01/06/2018 not approved | UPST VRS vacancy of Smt. Jayasree | D.Dhanya 01/11/2018 approved | In the VRS vacancy of Smt. M.Geetha – 01/11/2018 |
| 18 | Additional vacancy | | Additional vacancy | |
| 19 | HTV. JINCY.G | | HTV. JINCY.G | |

എനിക്ക് വ്യവസ്ഥാപിതമായ 15-ാമത്തെ തസ്തിക വ്യക്തമായി തന്നെ നിലനിൽക്കുന്നു. ശ്രീമതി.ജയശ്രീ 01/06/2018 ൽ സ്വമേധയാ വിരമിച്ചപ്പോൾ ഉണ്ടായ ഒഴിവ് ആണ്. ഇവരുടെ

വി.ആർ.എസ് അംഗീകരിച്ച് ഇവർ ഇപ്പോൾ പെൻഷണർ ആയി കഴിയുന്നു.

16-മത്തെ തസ്തികയിൽ 01/11/2018 മുതൽ നിയമിക്കപ്പെട്ട ശ്രീമതി. ധന്യ.ഡി അംഗീകാരം കിട്ടി ശമ്പളം വാങ്ങിക്കഴിയുന്നു. കഴിഞ്ഞ 4 വർഷമായി എനിക്ക് ശമ്പളമില്ല.

ഞാൻ കെ-ടെറ്റ് യോഗ്യത നേടിയ ആളാണ്. റോൾ നം.206509 റിസൽട്ട് വന്നത് 29/03/2019 ൽ ആണ്.

എച്ച്.ടി.വി യിൽ 2016-17 മുതൽ തുടർന്നുവരുന്ന ജിൻസി.ജി യെ എന്റെ തസ്തികയിലേക്ക് മാറ്റണം എന്ന എ.ഇ.ഒ വിന്റെ ആവശ്യം സർക്കാർ ഉത്തരവ് നം. ആർ.ടി നം.3256/2021/പൊ.വി.വ തിയതി 05/07/2021 ന് വിരുദ്ധമാണ്. എച്ച്.ടി.വി യിലെ ക്രമീകരണം സ്ഥിരം സംവിധാനമായി കാണണമെന്നാണ് സർക്കാർ നിർദ്ദേശം. 17-മത്തെ അധിക തസ്തിക ഒഴിഞ്ഞുകിടക്കുന്നു. എന്നെ ഈ അധിക തസ്തികയിലേക്ക് മാറ്റണമെന്ന എ.ഇ.ഒ വിന്റെ വാദം നിയമവിരുദ്ധമാണ്.

ആയതിനാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉന്നയിച്ച കാരണങ്ങളൊന്നും തന്നെ എന്റെ നിയമനം നിരസിക്കാൻ പര്യാപ്തമല്ല.

ബഹു. ഹൈക്കോടതി വിധിയിലെ പരാമർശം സ.ഉത്തരവ് നം. ആർ.ടി 3256/2021/പൊ.വി.വ തിയതി 05/07/2021 ന്റെ അടിസ്ഥാനത്തിൽ എച്ച്.ടി.വി യിൽ തുടർന്നുവരുന്നവരെ അവിടെ തുടരാൻ അനുവദിച്ചുകൊണ്ട് റിവിഷൻ ഹർജിയിന്മേൽ തീരുമാനമെടുത്ത് ഉത്തരവ് നൽകുവാനാണ്. ഈ സാഹചര്യത്തിൽ 01/06/2018 മുതൽക്കുള്ള നിയമനാംഗീകാരം എത്രയും വേഗം ഉത്തരവാകണമെന്ന് സർക്കാരിനോട് അപേക്ഷിക്കുന്നു."

3. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

1.ചെങ്ങണിയൂർ എ.യു.പി.എസ് - ലെ യു.പി.എസ്.എ ആയിരുന്ന ശ്രീമതി. ജയശ്രീ 31/05/2018 ന് വൊളന്ററി റിട്ടയർമെന്റ് എടുത്ത ഒഴിവിൽ 01/06/2018 മുതൽ ശ്രീമതി. എ.ധന്യ യെ യു.പി.എസ്.എ ആയി നിയമിച്ചു. ടി നിയമനം നിയമനാർത്ഥിക്ക് കെ.ടെറ്റ് യോഗ്യതയില്ല എന്ന കാരണം മാത്രം കാണിച്ച് ഈ കാര്യാലയത്തിലെ 06/08/2018 തിയ്യതിയിലെ ഉത്തരവ് നം. ഡി/1563/2018 പ്രകാരം നിരസിക്കുകയുണ്ടായി.

2. 2018-19 അധ്യയന വർഷത്തെ പ്രതീക്ഷിത അധിക തസ്തികയിൽ 01/06/2018 മുതൽ ശ്രീമതി. ഡി.ധന്യ-യെ നിയമിച്ചു. ഈ നിയമനാംഗീകാര ഫയലിൽ തീരുമാനമെടുക്കുന്നതിന് മുമ്പുതന്നെ 01/11/18 ന് മാനേജർ ശ്രീമതി. ഡി.ധന്യയെ ശ്രീമതി. എം.ഗീത, യു.പി.എസ്.റ്റി

31/10/2018 ന് എടുത്ത വൊളന്ററി റിട്ടയർമെന്റ് ഒഴിവിലേക്ക് മാറ്റി നിയമിക്കുകയുണ്ടായി. ശ്രീമതി. ഡി.ധന്യയെ റിട്ടയർമെന്റ് ഒഴിവിലേക്ക് മാറ്റി നിയമിച്ചിട്ടുണ്ട് എന്ന കാരണത്താലും ആദ്യ നിയമനം അധിക തസ്തികയിലായിരുന്നതിനാലും 20/12/2018 ലെ ഈ കാര്യാലയത്തിലെ ഡി/1607/2018 ഉത്തരവു പ്രകാരം ടിയാരിയുടെ 01/06/2018 മുതലുള്ള നിയമനം നിരസിക്കുകയുണ്ടായി.

തുടർന്ന് 26/12/2018 ലെ ഈ കാര്യാലയത്തിന്റെ ഡി/3395/2018-ാം നം. ഉത്തരവ് പ്രകാരം ശ്രീമതി. ഡി.ധന്യയുടെ നിയമനം 01/11/2018 മുതൽ അംഗീകരിച്ചു.

3. ശ്രീമതി. എ.ധന്യയുടെയും ശ്രീമതി.ഡി.ധന്യയുടെയും ആദ്യ നിയമനം 01/06/2018 മുതലാണ്. രണ്ടുപേരും കെ.ഇ.ആർ അധ്യായം-14 എ റൂൾ 51എ/51ബി/43 അവകാശികളുമല്ല. ആയതിനാൽ തന്നെ ശ്രീമതി.ഡി ധന്യയുടെ നിയമനം പരിഗണിക്കുമ്പോൾ സീനിയറായ അവകാശികളോ സീനിയറായ നിയമനാർത്ഥികളോ നിലവിലുണ്ടായിരുന്നില്ലെന്ന് കാണുന്നു.

4. ശ്രീമതി. എ.ധന്യ, കെ.ടെറ്റ്. യോഗ്യത നേടിയതിന്റെ അടിസ്ഥാനത്തിലും നിയമനാംഗീകാര അപേക്ഷ പുന:പരിശോധിക്കുവാൻ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും (ബി3/7459/2018, തിയ്യതി 18/05/2019) മാനേജർ 01/06/2018 മുതലുള്ള നിയമനാംഗീകാര അപേക്ഷ പുന:സമർപ്പിക്കുകയുണ്ടായി. 2017-18 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവു പ്രകാരം തസ്തിക നഷ്ടപ്പെടുകയും എച്ച്.റ്റി.വി തസ്തികയിൽ നിലനിർത്തുകയും ചെയ്തിരുന്ന ശ്രീമതി.ജിൻസി, യു.പി.എസ്.എ-യെ ശ്രീമതി.ജയശ്രീയുടെ റിട്ടയർമെന്റ് ഒഴിവിൽ നിലനിർത്തിയതിനാൽ ശ്രീമതി. എ.ധന്യക്ക് നിലനിൽക്കുവാൻ വ്യവസ്ഥാപിതമായ റഗുലർ തസ്തികയില്ല എന്ന കാരണം കാണിച്ച് ഈ കാര്യാലയത്തിൽ നിന്നും 17/08/2019 ലെ ഡി/1628/2019 ഉത്തരവ് പ്രകാരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിക്കുകയുണ്ടായി.

5. ചെങ്ങണിയൂർ എ.യു.പി.എസ് - ലെ 2015-16 മുതലുള്ള തസ്തിക നിർണ്ണയപ്രകാരം അനുവദിച്ച തസ്തികകൾ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | പ്രധാനാധ്യാപകൻ | യു.പി.എസ്.എ (റഗുലർ) | യു.പി.എസ്.എ (അധിക തസ്തിക) | എച്ച്.റ്റി.വി |
|---|---|---|---|---|
| 2015-16 | 1 | 15 | 0 | 1 |
| 2016-17 | 1 | 15 | 1 | 1 |

| | | | | |
|---|---|---|---|---|
| 2017-18 | 1 | 15 | 1(2016-17) | 1 |
| 2018-19 | 1 | 15 | 2(2016-17 ലെ ഒന്നും, 2018-19 ലെ ഒന്നും) | 1 |

(a) 2016-17 ലും 2018-19 ലും ഓരോ യു.പി.എസ്.എ അധിക തസ്തികകൾ അനുവദിച്ചിരുന്നു.

(b) 2015-16 വർഷത്തിൽ തസ്തിക നഷ്ടപ്പെട്ട ജൂനിയർ അധ്യാപികമാരായ ശ്രീമതി.ജി.ജിൻസിയെ 2016-17 വർഷത്തെ തസ്തിക നിർണ്ണയത്തിൽ എച്ച്.റ്റി.വി തസ്തികയിലും ശ്രീമതി. ഡി.ചിത്രയെ അധിക തസ്തികയിലും നിലനിർത്തിയിരുന്നു.

(c) 2017-18 വർഷത്തിലെ തസ്തിക നിർണ്ണയപ്രകാരവും അധിക യു.പി.എസ്.എ ആയ ശ്രീമതി. ജി.ജിൻസിയെ എച്ച്.റ്റി.വി തസ്തികയിൽ നിലനിർത്തിയിരിക്കുന്നു.

(d) 2018-19 വർഷത്തിലെ തസ്തിക നിർണ്ണയ ഉത്തരവിൽ അധിക അധ്യാപകരെ നിലനിർത്തിയതായി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ എച്ച്.റ്റി.വി തസ്തികയിൽ നിലനിർത്തിയിരുന്ന ശ്രീമതി. ജിൻസിയെ 01/06/2018 മുതലുള്ള ശ്രീമതി.സി.അംബികയുടെ പ്രധാനാധ്യാപക തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം മൂലം ഉണ്ടായ ഒഴിവിലും 2016-17 മുതൽ അധിക തസ്തികയിൽ നിലനിന്നിരുന്ന ശ്രീമതി. ഡി.ചിത്രയെ 31/05/2018 ൽ ശ്രീമതി. ജയശ്രീ സ്വയം വിരമിച്ചു മൂലം വന്ന തസ്തികയിലും നിലനിർത്തേണ്ടതാണ്.

6. 01/06/2018 ന് യു.പി.എസ്.റ്റി മാരെയാണ് നിയമിച്ചിരിക്കുന്നത്.

1. കൃഷ്ണാ നായർ - ശ്രീമതി.സി.അംബികയുടെ പ്രധാനാധ്യാപക തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം മൂലം വന്ന ഒഴിവ്

2. ധന്യ.എ - ശ്രീമതി. ജയശ്രീ, യു.പി.എസ്.റ്റി യുടെ സ്വയം വിരമിക്കൽ ഒഴിവ്

3. ധന്യ.ഡി - അധിക തസ്തിക (2018-19)

4. 01/06/2018 പ്രകാരം മേൽ പറഞ്ഞ 3 യു.പി.എസ്.റ്റി മാർ അടക്കം 18 യു.പി.എസ്.റ്റി മാരാണ് റോളിൽ ഉള്ളത്. 2015-16 മുതലുള്ള 15 റഗുലർ യു.പി.എസ്.റ്റി തസ്തികയിൽ 15 യു.പി.എസ്.എ.മാർ നിലനിൽക്കുന്നുണ്ട്. 2016-17 മുതൽ 2017-18 വരെ അധിക തസ്തികയിലും എച്ച്.റ്റി.വി തസ്തികയിലും നിലനിന്നിരുന്ന വരെ റഗുലർ തസ്തികയിലേക്ക് മാറ്റേണ്ടതിനാൽ മേൽ 3 അധ്യാപകർക്കും റഗുലർ തസ്തിക (2015-16 ലെ ) ലഭ്യമല്ല. ഇതിൽ 01/06/2018 മുതൽ അധിക

തസ്തികയിൽ നിയമിച്ച ശ്രീമതി.ഡി.ധന്യയെ 01/11/2018 മുതൽ റിട്ടയർമെന്റ് തസ്തികയിലേക്ക് മാറ്റി നിയമിക്കുകയും അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

5. ഖണ്ഡിക-6 ൽ പറഞ്ഞ പ്രകാരം ശ്രീമതി. ജി.ജിൻസി, ഡി.ചിത്ര എന്നിവരെ റിട്ടയർമെന്റ് /പ്രൊമോഷൻ തസ്തികയിൽ നിലനിർത്തുന്ന പക്ഷം ശ്രീമതി. കൃഷ്ണാ നായരെ 01/06/2018 മുതൽ 31/10/2018 വരെ അധിക തസ്തികയിലും 01/11/2018 മുതൽ ശ്രീമതി. വി.ഗീതയുടെ വോളന്ററി റിട്ടയർമെന്റ് ഒഴിവിലുമാണ് നിലനിർത്തേണ്ടത്. ശ്രീമതി. ഡി.ധന്യക്ക് 01/11/2018 മുതൽ നിലനിൽക്കുവാൻ അധിക തസ്തിക മാത്രമാണ് ഉള്ളത്. 01/06/2018 മുതൽ അധിക തസ്തികയിൽ മറ്റാർക്കും നിയമനാംഗീകാരം നൽകിയിട്ടില്ലാത്തതിനാൽ 01/06/2018 മുതൽ ശ്രീമതി.എ.ധന്യയെ അധിക തസ്തികയിൽ നിലനിർത്താവുന്നതാണ്.

6. 2019-20വർഷത്തിൽ തസ്തിക നിർണ്ണയ പ്രകാരം ഒരു യു.പി.എസ്.എ തസ്തിക നഷ്ടപ്പെട്ടിട്ടുണ്ട്. 11/06/2021 ന് അംഗീകൃത യു.പി.എസ്.എ ആയ ശ്രീ.ഇ.ഹരിദാസ് മരണപ്പെട്ടതുവഴി ഒരു യു.പി.എസ്.എ തസ്തികയുടെ ഒഴിവ് വന്നിട്ടുമുണ്ട്. "

4. മാനേജരുടെ വാദം ചുവടെ ചേർക്കുന്നു.

ഒരു അദ്ധ്യാപികയെ ഇന്ന തസ്തികയിൽ നിയമിക്കണം എന്ന് നിർദ്ദേശിക്കുവാൻ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അധികാരമില്ല. (See note under Rule 7 and 44 chapter XIV (A) KER and also under 1974 KLT 469 (DB) — ICR.1974(2) KER 429) ആയതിനാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ തടസ്സവാദങ്ങളൊന്നും തന്നെ നിലനിൽക്കുന്നില്ല. ഈ സാഹചര്യത്തിൽ ശ്രീമതി. ധന്യ.എ യുടെ 01/06/2018 മുതൽക്കുള്ള യു.പി.എസ്.ടി നിയമനം ശ്രീമതി. ജയശ്രീ സ്വയം വിരമിച്ച ഒഴിവിൽ നിലനിർത്തി അംഗീകാരം നൽകണമെന്നപേക്ഷിക്കുന്നു.

ഞാൻ 14/07/2021 ന് ഡയറക്ടർക്ക് സമർപ്പിച്ച ഹർജിയിൽ ശ്രീമതി. ധന്യയെ വി.ആർ.എസ് ഒഴിവിൽ നിന്നും 01/06/2018 ലെ അധിക തസ്തികയിലേക്ക് മാറ്റിക്കൊണ്ടായാലും അംഗീകാരം തരണമെന്നപേക്ഷിച്ചതും അതു പ്രകാരം കുഴൽമന്ദം എ.ഇ.ഒ മുൻപാകെ സ.ഉ.നം. 4/2021/പൊ.വി.വ തിയതി 06/02/2021 പ്രകാരം ഡിക്ലറേഷൻ നൽകിയതും അപ്രസക്തമായതായി കണക്കാക്കണമെന്ന് അപേക്ഷിക്കുന്നു. കാരണം ഈ അധിക തസ്തിക 2019-20 ൽ നിലനിൽക്കാത്തതാണ്. ശ്രീമതി. ധന്യ.എ യെ 01/06/2018 മുതൽക്ക് ജയശ്രീയുടെ വി.ആർ.എസ് ഒഴിവിൽ തന്നെ അംഗീകാരം നൽകണമെന്ന് അപേക്ഷിക്കുന്നു.

5. സർക്കാർ ഇക്കാര്യം ഹിയറിങ്ങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട

ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. 2017-18 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവു പ്രകാരം തസ്തിക നഷ്ടപ്പെട്ടുകയും എച്ച്.റ്റി.വി തസ്തികയിൽ നിലനിർത്തുകയും ചെയ്തിരുന്ന ശ്രീമതി.ജിൻസി, യു.പി.എസ്.എ-യെ ശ്രീമതി.ജയശ്രീയുടെ റിട്ടയർമെന്റ് ഒഴിവിൽ നിലനിർത്തിയതിനാൽ ശ്രീമതി. എ.ധന്യക്ക് നിലനിൽക്കുവാൻ വ്യവസ്ഥാപിതമായ റഗുലർ തസ്തികയില്ല എന്ന കാരണം കാണിച്ച് 17/08/2019 ലെ ഡി/1628/2019 ഉത്തരവ് പ്രകാരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിക്കുകയുണ്ടായി. ശ്രീമതി ധന്യ ഫയൽ ചെയ്ത കേസിൽ ഉണ്ടായ കോടതിവിധിയിൽ എക്സിബിറ്റ്.പി.13 ലുള്ള ഉത്തരവിന്റെ കൂടി വെളിച്ചത്തിൽ ഹർജിക്കാരിയുടെ എക്സിബിറ്റ്.പി.18 റിവിഷൻ പരിശോധിച്ച് തീർപ്പാക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

എക്സിബിറ്റ്.പി.13 എന്നത് മുൻ വർഷം തസ്തികനഷ്ടം വന്ന് പുറത്തായ ഒരു അദ്ധ്യാപിക ഹെഡ് റ്റീച്ചറെ ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കുമ്പോൾ ഉണ്ടാകുന്ന ഒഴിവിൽ സംരക്ഷണം ലഭിച്ച് നിൽക്കുമ്പോൾ പിന്നീടുണ്ടാകുന്ന റഗുലർ ഒഴിവിലേയ്ക്ക് ആ റ്റീച്ചറെ മാറ്റി നിയമിക്കേണ്ടതില്ലെന്നും അതിലേയ്ക്ക് മാനേജർക്ക് പുതിയ നിയമനം നടത്താവുന്നതാണെന്നും വ്യക്തമാക്കിക്കൊണ്ടുള്ള ഉത്തരവാണ്. അതേ സാഹചര്യത്തിൽപ്പെടുന്നതാണ് ഇവിടെ ഹർജിക്കാരിയുടെ കാര്യവും. 2017-18 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവു പ്രകാരം തസ്തിക നഷ്ടപ്പെട്ടുകയും എച്ച്.റ്റി.വി തസ്തികയിൽ നിലനിർത്തുകയും ചെയ്തിരുന്ന ശ്രീമതി.ജിൻസി, യു.പി.എസ്.എ-യെ ശ്രീമതി.ജയശ്രീയുടെ റിട്ടയർമെന്റ് ഒഴിവിൽ നിലനിർത്തിയതിനാൽ ശ്രീമതി. എ.ധന്യക്ക് നിലനിൽക്കുവാൻ വ്യവസ്ഥാപിതമായ റഗുലർ തസ്തികയില്ല എന്ന കാരണം അതുകൊണ്ട് നിലനിൽക്കുന്നതല്ലെന്നു ബോദ്ധ്യമാകുന്നു. ഈ തടസ്സവാദം തെറ്റായി ഉന്നയിക്കുകമൂലം മാനേജർ ഏർപ്പെടുത്തിയിരുന്ന ബദൽ സംവിധാനത്തിന്റെ ആവശ്യകതയില്ലെന്നും വ്യക്തമാകുന്നു. അതുകൊണ്ട് മാനേജർ 14/07/2021 ന് ഡയറക്ടർക്ക് സമർപ്പിച്ച ഹർജിയിൽ ശ്രീമതി. ധന്യയെ വി.ആർ.എസ് ഒഴിവിൽ നിന്നും 01/06/2018 ലെ അധിക തസ്തികയിലേക്ക് മാറ്റിക്കൊണ്ടായാലും അംഗീകാരം തരണമെന്നപേക്ഷിച്ചതും അതു പ്രകാരം കുഴൽമന്ദം ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുൻപാകെ സ.ഉ.നം. 4/2021/പൊ.വി.വ തിയതി 06/02/2021 പ്രകാരം ഡിക്ലറേഷൻ നൽകിയതും അപ്രസക്തമായതായി കണക്കാക്കണമെന്ന മാനേജറുടെ അപേക്ഷ അനുവദിക്കാവുന്നതാണ്. ബഹു: കോടതി നിർദ്ദേശിച്ചപ്രകാരമുള്ള പരിശോധനയിൽ എക്സിബിറ്റ്.പി.13 ഉത്തരവ് പുറപ്പെടുവിച്ചതിനു സമാനമായ സാഹചര്യം ഹർജ ിക്കാരിയുടെ കേസിലും ദൃശ്യമാകുന്നതിനാൽ പ്രസ്തുത ഉത്തരവിന്റെ സമാനത ബാധകമാക്കി ശ്രീമതി.ജിൻസിയെ എച്ച്.റ്റി.വി തസ്തികയിൽ നിലനിർത്താൻ അനുവദിച്ചുകൊണ്ട്

ഹർജിക്കാരിയുടെ നിയമനം ശ്രീമതി. ജയശ്രീ 31/05/2018 ന് വൊളന്ററി റിട്ടയർമെന്റ് എടുത്ത ഒഴിവിൽ 01/06/2018 മുതൽ നടത്തിയത് മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിക്കുന്നതിനുള്ള നിർദ്ദേശം കുഴൽ മന്ദം ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കു നൽകി, പാലക്കാട് ചെങ്ങനിയൂർ എ യു പി സ്കൂൾ മാനേജരുടെ പരാമർശം 1(Ext P18) പുന: പരിശോധനാ ഹർജി അനുവദിച്ച് തീർപ്പാക്കി അപ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം 2 കോടതി വിധിന്യായത്തിലെ നിർദ്ദേശം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

A P M MOHAMMED HANISH

PRINCIPAL SECRETARY

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട് .

ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കുഴൽമന്ദം, പാലക്കാട് ജില്ല.

മാനേജർ, എ യു പി സ്കൂൾ, ചെങ്ങനിയൂർ, പാലക്കാട്.

ശ്രീമതി. ധന്യ. എ, എ യു പി സ്കൂൾ, ചെങ്ങനിയൂർ, പാലക്കാട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്

(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

**Signed by Shahna Kumari S L**
**Date: 06-04-2022 17:06:28**

സെക്ഷൻ ഓഫീസർ